പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3203 29-10-2026-ൽ മറുപടിയ്ക്ക്

തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ മെച്ചപ്പെടുത്തൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ സിനിമാപ്രദർശനങ്ങൾക്കായി കൂടുതൽ അനുയോജ്യമായ തിയേറ്ററുകൾ ഉൾപ്പെടുത്തിയും പ്രദർശന സമയക്രമം മെച്ചപ്പെടുത്തിയും ഒരേസമയം കൂടുതൽ പ്രേക്ഷകർക്ക് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: 31-ാമത് തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്കായി കൂടുതൽ തിയേറ്ററുകൾ ഏർപ്പെടുത്തുന്നതിനും പ്രദർശനങ്ങളുടെ എണ്ണം കൂട്ടുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. ഇതു സംബന്ധിച്ച് തിയേറ്റർ ഉടമകളുമായും ചലച്ചിത്രവിതരണക്കമ്പനികളുമായും ചർച്ചകൾ നടത്തിവരുന്നു. തിയേറ്ററുകളുടെയും പ്രദർശനങ്ങളുടെയും എണ്ണം കൂട്ടാൻ കഴിഞ്ഞാൽ കൂടുതൽ പ്രേക്ഷകർക്ക് ഒരേ സമയം സിനിമകൾ കാണാനുള്ള അവസരം ലഭിക്കും.

(ബി) മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സിനിമാപ്രദർശനങ്ങൾ സുഗമമായി ആസ്വദിക്കുന്നതിനായി അനുയോജ്യമായ ഇരിപ്പിടങ്ങൾ, പ്രവേശന സൗകര്യങ്ങൾ, പ്രദർശനശാലകൾക്കിടയിലുള്ള യാത്രാസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സിനിമാപ്രദർശനങ്ങൾ സുഗമമായി ആസ്വദിക്കുന്നതിന് ആവശ്യമായ പ്രവേശനസൗകര്യങ്ങൾ മേളയിൽ പതിവായി ഏർപ്പെടുത്തിവരുന്നു. നിലവിൽ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും തിയേറ്ററിൽ പ്രവേശിക്കുന്നതിന് ക്യൂ പാലിക്കേണ്ടതില്ല. ഭിന്നശേഷിക്കാർക്കായി എല്ലാ തിയേറ്ററുകളിലും റാംപ് സജ്ജീകരിക്കാറുണ്ട്. ഓൺലൈൻ റിസർവേഷൻ ചെയ്യാനുള്ള സൗകര്യമൊരുക്കുന്നതിന് മുഖ്യവേദിയായ ടാഗോറിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കാറുണ്ട്. ഡെലിഗേറ്റ് രജിസ്ട്രേഷനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്താറുണ്ട്. മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

(സി) ചലച്ചിത്രമേളയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് ഡെലിഗേറ്റ് പാസുകൾ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനും കൂടുതൽ സിനിമാപ്രേമികൾക്ക് മേളയിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നതിനുമായി ഡെലിഗേറ്റ് പാസുകളുടെ എണ്ണം വർധിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

മറുപടി: തിയേറ്ററുകളുടെ ലഭ്യത പരിശോധിച്ച് ഡെലിഗേറ്റ് പാസുകളുടെ എണ്ണം വർധിപ്പിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ